# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5602 02.07.2019-ൽ മറുപടിയ്ക്ക്

### പട്ടികജാതി വകുപ്പിനുകീഴിലെ സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വകുപ്പിന് കീഴിൽ മണ്ണന്തലയിൽ പ്രവർത്തിച്ചിരുന്ന സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം അടച്ചുപൂട്ടിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകിവരുന്ന, തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലെ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) അടച്ചു പൂട്ടിയിട്ടില്ല. ടി സ്ഥാപനം ഇപ്പോഴും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു<br><br>കേരള സർക്കാരിന്റെ തന്നെ സംരംഭമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുഖേനയാണ് 2018-19 മുതൽ പരിശീലനം നടത്തി വരുന്നത്. സ്വകാര്യ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിനായി പുതുതായി ആരംഭിച്ച 'ലക്ഷ്യ'യുടെ പ്രവർത്തനം നടത്തുന്നതും ICSETS തന്നെയാണ്. |
| (ബി) | പ്രസ്തുത പരിശീലനകേന്ദ്രം അടച്ചുപൂട്ടുന്നതിനെതിരെ സിവിൽ സർവ്വീസ് പരീക്ഷയിൽ റാങ്ക് നേടിയ ധന്യ സുരേഷ് പരാതി നൽകിയിരുന്നുവോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പരിശീലനകേന്ദ്രത്തിൽ മികച്ച അദ്ധ്യാപകരെ കൊണ്ടുവരുവാനോ, പഠനനിലവാരം ഉയർത്തുവാനോ തയ്യാറായില്ല എന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ? | (സി) | വസ്തുതാപരമല്ല.<br><br>സ്ഥാപനം നേരിട്ട് പരിശീലനം നടത്തിയ സമയത്ത് എല്ലാ വിഷയങ്ങൾക്കും മികച്ച അദ്ധ്യാപകരെയാണ് ക്ലാസ്സ് എടുക്കുന്നതിനായി നിയോഗിച്ചിരുന്നത്. ICSETS ലെ പരീക്ഷാ പരിശീലനത്തെക്കുറിച്ചും പഠന നിലവാരത്തെ ക്കുറിച്ചും വിദ്യാർത്ഥികളിൽ നിന്ന് നിരന്തരമായ പരാതികൾ ഉയർന്നുവന്നതിനെ തുടർന്നാണ് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നല്കുന്നതിനായി കേരള സർക്കാർ സംരംഭമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാഡമി മുഖേന പരിശീലനം നല്കുവാൻ സർക്കാർ തീരുമാനിച്ചത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കൾക്ക് പരിശീലനം നൽകാൻ ഇതു മൂലം കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ